ഓൺലൈൻ ക്ലാസ്സ് - X – 24 16 / 08 / 2021

## 2 .വൃത്തങ്ങൾ – ക്ലാസ്സ് 12

ഓൺലൈൻ ക്ലാസ്സ്

### തുടർപ്രവർത്തന ഉത്തരം




PA = 9 സെ.മീ (തന്നിട്ടുണ്ട് )

അതുകൊണ്ട് PB = AB – PA

= 13 – 9

= 4 സെ.മീ

PA × PB = PC × PD

9 × 4 = PC × 12

$$PC = \frac{9 X 4}{12} = \frac{36}{12} = 3 \text{ സെ.മീ}$$

CD = PC + PD

= 3 + 12 = 15 സെ.മീ

---

**ചോദ്യം)** ചിത്രത്തിൽ AB,CD എന്നീ ഞാണുകൾ വൃത്തത്തിനുള്ളിൽ P യിൽ കൂട്ടിമുട്ടുന്നു.

PA = 5 സെ.മീ, PB = 12 സെ.മീ , PC = 8 സെ.മീ.

PD യുടെ നീളം കണ്ടെത്തുക ?




**ഉത്തരം)** PA × PB = PC × PD

5 × 12 = 8 × PD

$$PD = \frac{5 X 12}{8}$$

$$= \frac{60}{8}$$

= 7.5 സെ.മീ

---



Britto's , Fort

## നിർമ്മാണം 3

**ചോദ്യം 1)**

5 സെ.മീ നീളവും 3 സെ.മീ വീതിയുമുള്ള ഒരു ചതുരം വരയ്ക്കുക .

ഇതേ പരപ്പളവുള്ള ഒരു വശം 6 സെ.മീ വരുന്ന മറ്റൊരു ചതുരം വരയ്ക്കുക .

**ഉത്തരം )**

ഘട്ടങ്ങൾ :

1. 5 സെ.മീ നീളവും 3 സെ.മീ വീതിയുമുള്ള ഒരു ചതുരം വരയ്ക്കുക .
2. ചതുരത്തിന് ABCD എന്ന് പേര് നൽകാം .
3. BE = 3 സെ.മീ ആകത്തക്കവിധം AB യെ E യിലേക്ക് നീട്ടി വരയ്ക്കുക.
4. പുതിയ ചതുരത്തിന്റെ നീളം 6 സെ.മീ .
   BP = 6 സെ.മീ ആകത്തക്കവിധം CB യെ P യിലേക്ക് നീട്ടുക .
5. AP , EP യോജിപ്പിക്കുമ്പോൾ Δ AEP കിട്ടുന്നു .
6. AP , EP എന്നിവയുടെ ലംബസമഭാജികൾ വരയ്ക്കുക. ഇവ M ൽ കൂടിച്ചേരുന്നു. M കേന്ദ്രമായി A, E, P എന്നീ ബിന്ദുക്കളിലൂടെ കടന്നുപോകുന്ന വൃത്തം വരയ്ക്കുക .
7. ഈ വൃത്തം BC യെ N ൽ മുറിക്കുന്നു .
8. AE, PN എന്നീ 2 ഞാണുകൾ കിട്ടുന്നു .
   BN = BR ആകത്തക്കവിധം BE യിൽ R അടയാളപ്പെടുത്തുക .
9. PB, BR വശമായി പുതിയ ചതുരം BRQP വരക്കുക .

ഇവിടെ വരച്ച ചതുരം ABCD യുടെയും ചതുരം BRQP യുടെയും പരപ്പളവുകൾ തുല്യമാണ്.

Britto's Fortkochi




**തുടർപ്രവർത്തനം**

**ചോദ്യം 2)**

**4 സെ.മീ നീളവും 3 സെ.മീ . വീതിയുമുള്ള ഒരു ചതുരം വരയ്ക്കുക . ഇതേ പരപ്പളവുള്ള ഒരു വശം 5 സെ.മീ . വരുന്ന മറ്റൊരു ചതുരം വരയ്ക്കുക .**